**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 215** **04-10-2021 - ൽ മറുപടിയ്ക്ക്**

**മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഏർലി ഡിറ്റക്ഷൻ സെന്ററും ക്ലിനിക്കും സ്ഥാപിക്കൽ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | എൻഡോസൾഫാൻ ബാധിതർ ഉൾപ്പെടെ വ്യാപകമായ തോതിൽ കാൻസർ രോഗികൾ ഉള്ള കാസർഗോഡ് ജില്ലയിൽ മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരു ക്ലിനിക്കും ഏർലി ഡിറ്റക്ഷൻ സെന്ററും അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) | നിലവിൽ കാസർഗോഡ് ജില്ലയിൽ മലബാർ കാൻസർ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ചെറുവത്തൂരും തൃക്കരിപ്പൂരും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോട് ചേർന്ന് പ്രാരംഭ അർബ്ബുദ നിർണ്ണയ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2016 ൽ അതിജീവനം പദ്ധതിയുടെ ഭാഗമായാണ് ഇവ തുടങ്ങിയത്. കൂടാതെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ മലബാർ കാൻസർ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കരയിൽ മറ്റൊരു പ്രാരംഭ അർബുദ നിർണ്ണയ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ വായയിലെ അർബുദം, ഗർഭാശയഗള അർബുദം, സ്തനാർബുദം എന്നിവ നിർണ്ണയിക്കുവാനുള്ള പ്രാഥമിക പരിശോധനകൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ